


എസ്എൻപുരത്ത് ആഡ് വേർബ് ഫിലിം മേക്കിങ്ങ് ദ്വിദിന വർക്ക് ഷോപ്പ് ഫേവർ ഫ്രാൻസിസ് ഉദ്ഘാടനം ചെയ്യുന്നു

# ആഡ് വേർബ് : ആഡ് ഫിലിം മേക്കിങ് ദ്വിദിന വർക്ക് ഷോപ്പിന് തുടക്കമായി

എസ്.എൻ പുരം: പി.വെമ്പല്ലൂർ എം.ഇ.എസ് അസ്മാബി കോളേജിലെ ഡിജിറ്റൽ ഫിലിം പ്രൊഡക്ഷൻ വിഭാഗവും ഫിലിം ക്ലബും സംയുക്തമായി സംഘടിപ്പിക്കുന്ന ആഡ് വെർബ് ആഡ് ഫിലിം വർക്ക്ഷോപ്പിന് തുടക്കമായി. പ്രശസ്ത പരസ്യനിർമ്മാതാവും സിനിമ അഭിനേതാവുമായ ഫേവർ ഫ്രാൻസിസ് വർക്ക് ഷോപ്പ് ഉദ്ഘാടനം ചെയ്തു. ഈ കാലത്ത് നാം ഓരോരുത്തരും ഉണരുന്നത് മുതൽ ഉറങ്ങുന്നത് വരെ ഓരോ ബ്രാൻഡുകളിലൂടെയാണെന്നും പരസ്യങ്ങൾ ജീവിതത്തിന്റെ ഭാഗമായെന്നും ഉദ്ഘാടകനായ ഫേവർ ഫ്രാൻസിസ് അഭിപ്രായപ്പെട്ടു. കോളേജ് പ്രിൻസിപ്പൽ ഡോ എ ബിജു അധ്യക്ഷത വഹിച്ചു.

രണ്ട് ദിവസത്തെ വർക്ക് ഷോപ്പിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കായി നിരവധി ആക്റ്റിവിറ്റികളാണ് പ്രശസ്ത ആഡ് ഫിലിം മേക്കർ ഫേവർ ഫ്രാൻസിസിന്റെ നേതൃത്തിൽ നടക്കുന്നത്. കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. റീന മുഹമ്മദ്, സെൽഫ് ഫിനാനസിങ്ങ് കോഴ്സുകളുടെ മേധാവി ഡോ. കെ പി സുമേധൻ, സ്റ്റാഫ് സെക്രട്ടറി ഡോ. സനദ് സദാനന്ദ്, ഡിജിറ്റൽ ഫിലിം പ്രൊഡക്ഷൻ വിഭാഗം മേധാവി മൈനാഗ് സുരേഷ്, റാഷിദ എം എസ് എന്നിവർ സംസാരിച്ചു.